# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 7 | പേജ് 8 | ഫെബ്രുവരി 1–15



2 പരാജയഭീതി പൂണ്ടവർ എം. ഒ. ജോണച്ചനെതിരെ കുപ്രചരണങ്ങൾ നടത്തുന്നു

2 എം. ഒ. ജോണച്ചനെ വിജയിപ്പിക്കുക

2 വൈദികട്രസ്റ്റി തെരഞ്ഞെടുപ്പ്

7 ധ്യാനപീഠം


## ശതാബ്ദി ആഘോഷം സഭാസ്വാതന്ത്ര്യത്തിന്റെ ആഘോഷം : പ.കാതോലിക്കാ ബാവാ

ദുബായ് : കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങൾ സഭാസ്വാതന്ത്ര്യത്തിന്റെ ആഘോഷമാണെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ നടന്ന ശതാബ്ദി ആഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പ.കാതോലിക്കാ ബാവാ. എല്ലാ മതങ്ങൾക്കും ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുകയും ആരാധനാലയങ്ങൾക്ക് സ്ഥലം അനുവദിക്കുകയും ചെയ്യുന്ന യു.എ.ഇ. ഭരണാധിപന്മാരുടെ മഹാമനസ്ക്കത മാതൃകാപരമാണെന്ന് പ.ബാവാ പറഞ്ഞു. ദിശാബോധം, ദൈവാശ്രയത്തോടെയുള്ള അർപ്പിത മനോഭാവം എന്നിവയോടെയുള്ള പ്രവർത്തനങ്ങൾ വിജയിക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് യു.എ.ഇ.ൽ ദൃശ്യ

(ശേഷം പേജ് 7–ൽ)



## പ. വട്ടശ്ശേരിൽ തിരുമേനിയുടെ 78–ാം ഓർമ്മ പ്പെരുന്നാൾ ഫെബ്രുവരി 22,23 തീയതികളിൽ പഴയസെമിനാരിയിൽ വിവിധ പരിപാടികളോടെ ആഘോഷിക്കും

## തൃക്കുന്നത്ത് സെമിനാരിയിൽ ആരാധന നടത്തി

ആലുവ : തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് സഭാപിതാക്കന്മാരുടെ കബറിടത്തിൽ ഓർത്തഡോക്സ് സഭയും യാക്കോബായ സഭയും വെവ്വേറെ ആരാധന നടത്തി. സെമിനാരി ചാപ്പലിലെ കുർബ്ബാനയ്ക്കുശേഷം ഓർത്തഡോക്സ് സഭാവിശ്വാസികൾ കബറിടത്തിൽ നടത്തിയ ധൂപപ്രാർത്ഥനയ്ക്ക് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പ്രധാന കാർമ്മികത്വം വഹിച്ചു. മെത്രാപ്പോലീത്താമാരായ ഡോ.മാത്യൂസ് മാർ സേവേറിയോസ്, പൗലോസ് മാർ പക്കോമിയോസ്, യൂഹാനോൻ മാർ പോളീകാർപ്പോസ്, വൈദികട്രസ്റ്റി ഡോ.ജോൺസ് ഏബ്രഹാം കോനാട്ട്, അത്മായട്രസ്റ്റി എം.ജി. ജോർജ് മുത്തൂറ്റ്, അസോസിയേഷൻ സെക്രട്ടറി ഡോ.ജോർജ് ജോസഫ്, ഭദ്രാസന സെക്ര

(ശേഷം പേജ് 2–ൽ)

## തൃക്കുന്നത്ത് സെമിനാരിയിൽ പെരുന്നാൾ കനത്ത സുരക്ഷയിൽ ; ചിലവ് അഞ്ചുലക്ഷത്തിലധികം

ആലുവാ : കനത്ത പോലീസ് സുരക്ഷയിൽ ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ ഓർമ്മപ്പെരുന്നാൾ ആഘോഷിച്ചു. ഇരുവിഭാഗങ്ങൾക്കും ജില്ലാ ഭരണകൂടം അനുവദിച്ച നിശ്ചിത സമയത്തിനുള്ളിൽ വിശ്വാസികൾക്ക് ആരാധന നടത്താൻ വൻ പോലീസ് സന്നാഹമാണ് ഒരുക്കിയത്. ഏഴ് ഡി.വൈ.എസ്.പിമാരുടെ നേതൃത്വത്തിൽ സി.ഐ.മാർ, എസ്.ഐ.മാർ എന്നിവർ ഉൾപ്പെടെ എഴുന്നൂറോളം പോലീസുകാരുടെ സേവനം ഉറപ്പാക്കി. സുരക്ഷാ സംവിധാനങ്ങൾക്ക് നേതൃത്വം നൽകാൻ ഹൈക്കോടതി നിയോഗിച്ച കമ്മീഷണർ ശ്രീലാൽ വാര്യരും സ്ഥലത്തെത്തിയി

(ശേഷം പേജ് 2–ൽ)

## മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ

പത്തനംതിട്ട : 95–ാമത് മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ ജനുവരി 29 മുതൽ ഫെബ്രുവരി 2 വരെ വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു. കണ്ടനാട് വെസ്റ്റ് ഭദ്രാസനാധിപൻ ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. റവ.പോൾ റമ്പാൻ, റവ.സ്ലീബാ കെ.ഏബ്രഹാം റമ്പാൻ, റവ.യാക്കോബ് റമ്പാൻ,റവ.സാമുവൽ റമ്പാൻ, റവ. പീറ്റർ തോമസ് റമ്പാൻ, ഫാ.ജോർജ് മാത്യു, ഏബ്രഹാം കോശി എന്നിവർ പ്രസംഗിച്ചു.

(ശേഷം പേജ് 2–ൽ)

## സഹദാ തുല്യനായ വട്ടശ്ശേരിൽ തിരുമേനി

ഫാ.ഡോ.എം.ഒ.ജോൺ

മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിച്ച് മരിച്ച മലങ്കര സഭാ ഭാസുരൻ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമനസ്സിലെ ഓർമ്മ 22,23 തീയതികളിൽ ആഘോഷിക്കുകയാണല്ലോ. തിരുമേനിയുടെ ഓർമ്മ മലങ്കരസഭാമക്കളുടെ മനസ്സിനെ പുളകം കൊള്ളിക്കുന്നതും, സഭാസ്നേഹികൾക്ക് ആവേശം പകരുന്നതുമാണെന്നതിന് സംശയമില്ല.

1909–ൽ മെത്രാൻസ്ഥാനമേറ്റതു മുതൽ 1934–ൽ ഇഹലോകവാസം വെടിയുന്നതുവരെ അദ്ദേഹത്തിന്റെ ജീവിതം വീരപോരാട്ടത്തിന്റേതായിരുന്നു. 1876ലെ മുളന്തുരുത്തി സുന്നഹദോസിലൂടെ അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരസഭയുടെ മേൽ അമിതമായ അധികാരാവകാശങ്ങൾ നേടിയെടുത്തു. ആ പിടിയിൽ നിന്നും സഭയെ രക്ഷിക്കാനുള്ള അക്ഷിണ പ്രയത്നമാണ് വട്ടശ്ശേരിൽ തിരുമേനി നടത്തിയത്. അന്ത്യോഖ്യൻ അടിമനുകത്തിൽനിന്നുള്ള മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടമാണ് പ.വട്ടശ്ശേരിൽ തിരുമേനി നയിച്ചത്. അദ്ദേഹത്തിന്റെ ജീവനുപോലും ഭീക്ഷണി ഉണ്ടാകത്തക്ക നിലയിലുള്ള വളരെ ശക്തമായ എതിർപ്പുകളെ അദ്ദേഹത്തിനു നേരിടേണ്ടി വന്നു. അന്നത്തെ അൽമായ വൈദിക ട്രസ്റ്റിമാരായിരുന്ന സി.ജെ.കുര്യനും കോനാട്ടു മൽപ്പാനും വട്ടശ്ശേരി തിരുമേനിക്കെതിരെ ശക്തമായി രംഗത്തുവരുകയും തിരുമേനിയുടെ നീക്കങ്ങളെ പരാജയപ്പെടുത്താൻ വിദഗ്ദ്ധമായി കരുക്കൾ നീക്കുകയും ചെയ്തു. കൂടെനിന്നവർ കുതികാൽ വെട്ടാൻ ശ്രമിച്ചിട്ടും തിരുമേനി പതറിയില്ല. ബുദ്ധിയും ഭക്തിയും ശക്തിയും ഒന്നുപോലെ നിറഞ്ഞ ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

കോനാട്ട് മല്പാനും, സി.ജെ.കുര്യനും എല്ലാവരും ചേർന്ന പാത്രിയർക്കീസ് കക്ഷി നേതാക്കന്മാർ തിരുമേനിയെ കൊല്ലാൻ ആളിനെ ഏർപ്പാടാക്കി. ആനപ്പാപ്പി കൊലക്കേസിൽ ഒന്നാംപ്രതിയായി ജീവപര്യന്തം ശിക്ഷ ലഭിച്ച കമാലുദീൻ എന്ന മുസ്ലീം അങ്ങനെ നിയോഗിക്കപ്പെട്ടവരിൽ പ്രധാനിയായിരുന്നു. അയാൾ ആ സംഭവത്തെക്കുറിച്ച് പിൽക്കാലത്ത് പറയുന്നുണ്ട്. മെത്രാപ്പോലീത്ത താമസിച്ചുവന്ന സെമിനാരിയുടെ പടിഞ്ഞാറെ കെട്ടിന്റെ രണ്ടാം നിലയിൽ വടക്കേമുറിയിൽ ഗോവണി വഴി കേറാൻ താൻ പല പ്രാവശ്യം ശ്രമിച്ചു എന്നും, മുകളിലെത്തി ജനൽ പടിയിൽ പിടിച്ചുകഴിഞ്ഞ ശേഷം, ആരോ ദൂരത്തേക്ക് വലിച്ചെറിയുന്ന അനുഭവമാണ് ഉണ്ടായതെന്നും, ആ വിധം സംഭവിച്ചില്ലായിരുന്നു എങ്കിൽ മെത്രാപ്പോലീത്തായുടെ കഥ താൻകഴിക്കുമായിരുന്നു എന്നും കമാലുദീൻ പലരോടും പറഞ്ഞിട്ടുണ്ട്.(zmp IV.424)

അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കരസഭമേൽ അധികാരമില്ലായിരുന്നുവെന്നും. 19–ാം നൂറ്റാണ്ടിന്റെ അവസാന കാലത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമാണ് പാത്രിയർക്കീസ് ഈ സഭയിൽ ഇടപെട്ടതെന്നും അങ്ങനെ മലങ്കരസഭമേൽ അവകാശവാദം ഉന്നയിച്ചെന്നും അന്നത്തെ സാഹചര്യത്തിൽ സഭാമക്കൾ അതിനെ അനുകൂലിക്കാൻ ഇടയായെന്നും തിരുമേനിക്ക് നിശ്ചയമുണ്ടായിരുന്നു. ഈ ഗതികേടിൽ നിന്നും രക്ഷപ്പെടേണ്ടത് സഭയുടെ ആവശ്യമാണെന്ന് മനസ്സിലാക്കിയ തിരുമേനി അതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചു. അങ്ങനെയാണ് മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായത്.

പക്ഷേ വട്ടശ്ശേരിൽ തിരുമേനിയുടെ കഴിവുകൾ മനസ്സിലാക്കിയ പാത്രിയർക്കീസ് അതിന് മുമ്പ് തന്നെ അദ്ദേഹത്തെ മുടക്കുകയും മലങ്കര മെത്രാപ്പോലീത്ത സ്ഥാനത്ത് മറ്റൊരാളെ അവരോധിക്കുകയും ചെയ്തു. വട്ടിപ്പണത്തിന്റെ യഥാർത്ഥ അവകാശിയെ തീരുമാനിക്കാൻ വട്ടിപ്പണക്കേസുമുണ്ടായി. കോനാട്ട് മല്പാനും സി.ജെ.കുര്യനും വട്ടശ്ശേരിൽ തിരുമേനിക്കെതിരെ നിന്ന് ശക്തമായി കേസു പറഞ്ഞു. കേസും, മുടക്കുമൊക്കെയായിട്ടും പതറാതെ വട്ടശ്ശേരിൽ തിരുമേനി മുന്നോട്ട് പോയി. അദ്ദേഹത്തെ കൊല്ലാൻ വാടക കൊലയാളികളെ വച്ചു. ആത്മവീര്യം കെടുത്തുവാൻ പഴയസെമിനാരിയിൽ അദ്ദേഹത്തിന്റെ മുറിക്ക് മുന്നിൽ വന്ന് നിന്ന് ചീത്ത വിളിച്ചു. അദ്ദേഹത്തോട് കൂടെയുണ്ടായിരുന്ന സെമിനാരി മാനേജരെ ഏതിരാളികൾ തല്ലിച്ചതച്ചു. അദ്ദേഹത്തിന്റെ അംഗരക്ഷകനെ എറിഞ്ഞും അടിച്ചും വെട്ടിയും കൊന്നു. കേസിൽ തോൽവി വന്നപ്പോഴും അചഞ്ചലനായി സഭയ്ക്ക് നേതൃത്വം നൽകിയ ധീരാത്മാവായി അദ്ദേഹം നിന്നു. മലങ്കരയിൽ ഒരു സഭാനേതാവിനും ഉണ്ടായിട്ടില്ലാത്ത തരത്തിൽ മാനസികവും ശാരീരികവുമായ പീഡകൾ ഏൽക്കേണ്ടി വന്ന വട്ടശ്ശേരിൽ തിരുമേനി സഹദായെന്ന പേരിന് എന്നുമർഹനാണ്.

മലങ്കരസഭയുടെ സ്വാതന്ത്ര്യം സ്വതസിദ്ധമായ അവകാശമായും ചരിത്രയാഥാർത്ഥ്യമായും അദ്ദേഹം മനസ്സിലാക്കിയിരുന്നു. നിബന്ധനകൾ ഇല്ലാത്ത സ്വാതന്ത്ര്യം സഭയ്ക്ക് വേണമെന്ന് അദ്ദേഹത്തിനു ബോദ്ധ്യമുണ്ടായിരുന്നു. അതിനാലാണ് കാതോലിക്കേറ്റിനു വേണ്ടി അദ്ദേഹം പ്രയത്നിച്ചത്. സ്വാതന്ത്ര്യത്തോടും പരമാധികാരത്തോടും കൂടി അത് എന്നാളും നിലനിൽക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്ന സഭാമക്കൾ ആ പുണ്യപിതാവ് ആശിച്ച രീതിയിൽ സഭയുടെയും കാതോലിക്കേറ്റിന്റെയും സ്വാതന്ത്ര്യം നിലനിൽക്കാനും പരിശ്രമിക്കണം. വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിത പോരാട്ടത്തിന്റെ ഫലമായി നേടിയെടുത്തതാണ് മലങ്കരസഭയുടെ സ്വാതന്ത്ര്യം. അതിൽ നിന്ന് അണുവിട അകന്നുപോകുവാൻ ആർക്കും ആവില്ല. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുന്നിൽ നാം സഭാ സ്വാതന്ത്ര്യത്തിന്റെ പ്രതിജ്ഞ ഒരിക്കൽക്കൂടി പുതുക്കാം.

# പരാജയഭീതിപൂണ്ടവർ എം.ഒ.ജോണച്ചനെതിരെ കുപ്രചരണങ്ങൾ നടത്തുന്നു

ഫാ.കോശി വൈദ്യൻ

ആസന്നമായ വൈദികട്രസ്റ്റി സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ റവ.ഡോ.എം.ഒ. ജോണച്ചന് വിജയസാധ്യതകൾ ഏറെയെന്നുള്ള സത്യം മനസ്സിലാക്കി പലയിടങ്ങളിൽനിന്നും അപവാദപ്രചരണങ്ങൾ തൊടുത്തുവിടുന്നു. എം.ഒ.ജോണച്ചൻ പാത്രിയർക്കീസ് കക്ഷയിൽ പോകും എന്ന കുപ്രചരണവും ചിലർ പരത്താൻ ശ്രമിക്കുന്നുണ്ട്. അനാവശ്യ പ്രചരണങ്ങൾ നിലനിൽക്കുകയില്ല. തിരുവനന്തപുരം, കൊല്ലം, തുമ്പമൺ, നിരണം തുടങ്ങി തെക്കൻ ഭദ്രാസനങ്ങളിലും മലബാർ, ബത്തേരി തുടങ്ങിയ വടക്കൻ ഭദ്രാസനങ്ങളിലും, ബാഹ്യകേരളാ ഭദ്രാസനങ്ങളിലെല്ലാം എം.ഒ.ജോണച്ചന് വ്യാപകമായ പിന്തുണയാണുള്ളത്.

സഭാചരിത്രപണ്ഡിതനും, ശക്തമായ നേതൃത്വ പാടവവും, യോഹന്നാൻ സ്നാപകനെപ്പോലെ അനീതിക്കെതിരെ ശക്തമായ നിലപാടുകൾ എടുക്കുകയും ചെയ്യുന്ന ജോണച്ചൻതന്നെ ഈ പ്രാവശ്യം വൈദിക ട്രസ്റ്റി ആകേണ്ടത് ഇന്നിന്റെ ആവശ്യമാണ്. കഴിഞ്ഞ തവണ വൈദികട്രസ്റ്റിയായി കോനാട്ട് അച്ചനെ തെരഞ്ഞെടുക്കുവാൻ കാരണം ബഹു.ഒ.തോമസ് അച്ചൻ, കോനാട്ട് അച്ചനെക്കാൾ കഴിവില്ലാത്ത ആളല്ല എന്നതുകൊണ്ടല്ല, മറിച്ച് ഒരുസ്ഥാനം ഒരുപ്രാവശ്യം ഒരാൾക്ക് മതി എന്ന് മലങ്കരസഭാമക്കൾ തീരുമാനിച്ചതുകൊണ്ടാണ്. കോനാട്ട് അച്ചൻ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ അസോസിയേഷൻ അംഗങ്ങൾക്ക് അയച്ച രണ്ടു പ്രസ്താവനകളിലും ഇതേ ആവശ്യം തന്നെ ഉന്നയിക്കുകയും താൻ ഒരുപ്രാവശ്യം മാത്രമേ ഈ സ്ഥാനത്ത് ഇരിക്കുകയുള്ളു എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. തന്റെ പ്രസ്താവനയുടെ വിശ്വാസലംഘനമല്ലേ അസോസിയേഷൻ അംഗങ്ങളോടും പ.സഭയോടും കാണിക്കുന്നത്. ആയുഷ്ക്കാല സ്ഥാനീയർ എന്ന സംവിധാനം ഇനി മലങ്കരസഭയിൽ അനുവദിക്കാൻ പാടില്ല. സഭയുടെ പല സ്ഥാനങ്ങളും ഇപ്പോൾ ചില വ്യക്തികളിൽ ചില ലോബികളിൽ മാത്രമാണ്. ഇത് ശരിയായ നിലപാടല്ല. മലങ്കരസഭയുടെ വളർച്ചയ്ക്ക് ഭൂഷണമല്ല. കഴിവുള്ളവർ നേതൃത്വത്തിലേക്ക് കടന്നുവരാൻ അവസരം നൽകണം.

എം.ഒ.ജോണച്ചന് സ്ഥാനംകിട്ടിയാൽ മറുകണ്ടം ചാടുമെന്ന ഫ്ളാഷ് ന്യൂസ് ഒരിക്കലും അംഗീകരിക്കാൻ പാടില്ല. ഇത് പരാജയഭീതിപൂണ്ട ചിലരുടെ കുടില തന്ത്രങ്ങളാണ്. ജോണച്ചൻ പുരാതന ക്രൈസ്തവ കേന്ദ്രമായ തുമ്പമൺ എന്ന സ്ഥലത്തെ പൗരാണിക ഓർത്തഡോക്സ് കുടുംബത്തിലെ അംഗമാണ്. ഈ സഭാനേതൃത്വം പല തവണ അദ്ദേഹത്തെ പല രംഗങ്ങളിൽനിന്ന് ഒഴിവാക്കിയെങ്കിലും നിസംഗതയോടെ ഒരുവാക്കുപോലും നേതൃത്വത്തിനെതിരെ സംസാരിച്ചിട്ടില്ല എന്നുള്ളത് അദ്ദേഹത്തിന്റെ കുടുംബശ്രേഷ്ഠതയും സ്വഭാവവൈശിഷ്ഠ്യവും പ.സഭയോടുള്ള ഭക്തിയും കൂറുമാണ് വെളിവാക്കുന്നത്. ഇന്നും സഭയുടെ സത്യവിശ്വാസവും പാരമ്പര്യവും പൈതൃകവും കാത്തുസൂക്ഷിക്കുകയും അതു തന്റെ പ്രസംഗങ്ങളിൽകൂടിയും ലേഖനങ്ങളിൽക്കൂടിയും വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. തന്റെ അവസാനശ്വാസം വരെ ഈ സഭയ്ക്കുവേണ്ടി നിലനിൽക്കുമെന്നുള്ളത് അദ്ദേഹത്തെ സ്നേഹിക്കുന്നവർക്കറിയാം.

ചിലർ എം.ഒ.ജോണച്ചനെതിരെ അസത്യ പ്രസ്താവനകൾ നടത്തുമ്പോൾ എന്നും സഭാമക്കൾ അത് സ്വീകരിക്കുകയില്ല. സത്യം മാത്രമെ നിലനിൽക്കൂ. സഭാമക്കളെ അബദ്ധജഢിലമായ സത്യവിരുദ്ധമായ പ്രസ്താവനകൾ നടത്തി കബളിപ്പിക്കാൻ ശ്രമിക്കുന്നവർക്കെതിരെ വൈദികരും ജനങ്ങളും ശക്തമായി പ്രതികരിക്കുമെന്നതിനു സംശയമില്ല. സത്യം നിങ്ങളെ സ്വതന്ത്രരാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## ശതാബ്ദി ആഘോഷവും സ്മാരക മന്ദിര ശിലാസ്ഥാപനവും

കുണ്ടറ : തൃപ്പലഴികം സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ ശതാബ്ദി ആഘോഷവും സ്മാരക മന്ദിരത്തിന്റെ ശിലാസ്ഥാപനവും പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മെത്രാപ്പോലീത്തന്മാരായ സഖറിയാ മാർ അന്തോണിയോസ്, യൂഹാനോൻ മാർ ദീയസ്കോറോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും ജനുവരി 7,8 തീയതികളിൽ നടന്നു.

## മദ്ധ്യതിരുവിതാംകൂർ.....പേജ് 1–ൽനിന്ന്

മദ്ധ്യതിരുവിതാംകൂർ.....പേജ് 1–ൽനിന്ന്

വിവിധ ദിവസങ്ങളിൽ പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ, പ.ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തും. മെത്രാപ്പോലീത്തന്മാരായ കുര്യാക്കോസ് മാർ ക്ലിമ്മീസ്, ഡോ.ജോഷ്വാ മാർ നിക്കോദിമോസ്, ഡോ.ഏബ്രഹാം മാർ സെറാഫിം, മാത്യൂസ് മാർ തേവോദോസിയോസ്, യൂഹാന്നോൻ മാർ തേവോദോറോസ് തുടങ്ങിയവർ പ്രസംഗിക്കും.

തൃക്കുന്നത്ത്....പേജ് 1–ൽനിന്ന്

ട്ടറി മത്തായി ഇടയനാൽ കോർഎപ്പിസ്കോപ്പാ, സെമിനാരി മാനേജർ ഫാ.യാക്കോബ് തോമസ് എന്നിവർ പങ്കെടുത്തു.

പത്തുമിനിറ്റ് വീതമാണ് ഇരുവിഭാഗങ്ങൾക്കും ജില്ലാ ഭരണകൂടം അനുവദിച്ചിരുന്നത്. നിശ്ചിതസമയം കഴിഞ്ഞപ്പോൾ ശ്രേഷ്ഠ ബാവായെ പോലീസ് അക്കാര്യം ഓർമ്മിപ്പിച്ചു. കബറിടത്തിൽ കുർബ്ബാന അർപ്പിച്ചതായി തോമസ് പ്രഥമൻ ബാവാ പിന്നീട് പറഞ്ഞു. ഇത് വിവാദത്തിന് ഇടയാക്കി. പത്തുമിനിറ്റുകൊണ്ട് കുർബ്ബാന അർപ്പിക്കാൻ സാധ്യമല്ല. കുർബ്ബാന അർപ്പിക്കാനുള്ള ബലിപീഠവും തിരുവസ്തുക്കളും അവിടെ ഉണ്ടായിരുന്നില്ല. ഇതു കുർബ്ബാനയെ തന്നെ അവഹേളിക്കുന്നതിനു തുല്യമാണ് – പ.കാതോലിക്കാ ബാവാ പറഞ്ഞു. തൽസ്ഥിതി പാലിക്കാനുള്ള ജില്ലാ അധികൃതരുടെ അനധികൃത കയ്യേറ്റത്തിന് എതിർവിഭാഗം ശ്രമിച്ചതായി പ.ബാവാ ആരോപിച്ചു.

പെരുന്നാൾ കനത്ത സുരക്ഷയിൽ...പേജ് 1–ൽനിന്ന്

രുന്നു. പള്ളിമുറ്റത്തും വഴിയിലുമായി നേരത്തെ തന്നെ ഒരുക്കിയ ബാരിക്കേഡുകളിലൂടെ മാത്രമാണ് വിശ്വാസികളെ കടത്തിവിട്ടിരുന്നത്. ബാരിക്കേഡിലൂടെ എത്തുന്ന വിശ്വാസികളെ മെറ്റൽ ഡിറ്റക്ടറ്റർ ഉപയോഗിച്ച് പരിശോധിച്ചു.

പള്ളിപരിസരത്ത് നിരീക്ഷണത്തിനായി ഇരുപത്തഞ്ചോളം സി.ഡി.ക്യാമറകളും നേരത്തെ തന്നെ സ്ഥാപിച്ചിരുന്നു രാവിലെ ഏഴു മുതൽ പതിനൊന്നുവരെ ഓർത്തഡോക്സ് വിഭാഗത്തിനും ഉച്ചയ്ക്ക് ഒന്നു മുതൽ അഞ്ചുവരെ യാക്കോബായ വിഭാഗത്തിനുമാണ് ആരാധന നടത്താൻ ജില്ലാ ഭരണകൂടം സമയം അനുവദിച്ചിരുന്നത്. ഈ സമയത്തെല്ലാം ഫയർ ആന്റ് റെസ്ക്യൂ ആംബുലൻസ് സേവനങ്ങളും സ്ഥലത്ത് സജ്ജമാക്കിയിരുന്നു. സെമിനാരിയും പരിസരത്തും ഉണ്ടാക്കിയ പോലീസ് സുരക്ഷാക്രമീകരണങ്ങൾക്കായി അഞ്ചുലക്ഷത്തിലധികം രൂപാ ചിലവായതായും അത് ഇരുവിഭാഗങ്ങളിൽനിന്നുമായും ഈടാക്കുമെന്നും അറിയുന്നു.

# എം.ഒ.ജോൺ അച്ചനെ വിജയിപ്പിക്കുക

കെ.ജെ. വർഗീസ് മാവേലിക്കര

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ കേന്ദ്രത്തിലായാലും, ഭദ്രാസനത്തിലായാലും തെരഞ്ഞെടുപ്പിൽ ജയിക്കുന്നതിന് സ്വാധീനം ഒരു ഘടകമാണ്. മുകളിൽ ആഗ്രഹിക്കുന്ന വ്യക്തിക്കുവേണ്ടി രഹസ്യമായി പട്ടക്കാരിലേക്കും അവർ മുഖാന്തിരം കുഞ്ഞാടുകളിലേക്കും ഈ സ്വാധീനം വ്യാപിക്കുന്നു. പല കാര്യങ്ങൾക്കും പിതാക്കന്മാരെ ആശ്രയിക്കേണ്ടിവരുന്ന സഭാമക്കൾ ഇഷ്ടമല്ലെങ്കിലും വഴങ്ങേണ്ടിവരുന്നു. ഇതു മുഖാന്തിരം കഴിവുള്ളവർ തഴയപ്പെടുന്നു. അടുത്തകാലത്ത് വന്ദ്യപിതാക്കന്മാർ ജനങ്ങളെ സമുദായത്തിന് പ്രാധാന്യം കൊടുക്കാൻ ഉൾബോധിപ്പിക്കുന്നു.

സമുദായത്തിൽ കേസുകൾ അടിയ്ക്കടി തോൽക്കുന്ന തലത്തിലേത്ത് കൊണ്ടുചെന്നെത്തിച്ച സ്ഥാപിത താല്പര്യക്കാരെ വീണ്ടും വീണ്ടും നേതൃ സ്ഥാനത്തേക്ക് അവരോധിക്കണമെന്ന് ചിന്തിക്കുന്നത് അപഹാസ്യമാണ്. നേതൃത്വം മാറി മാറി വരട്ടെ. നമുക്ക് ഇവരുടെയും പ്രവർത്തനം കാണാൻ ഒരു അവസരം ഉണ്ടാക്കികൊടുക്കണ്ടെ! സമുദായ തലത്തിലും, ഇടവക തലത്തിലും എന്നും ഒരു കൂട്ടർ മാത്രമെ കഴിവുള്ളവരായി ഉള്ളൂ എങ്കിൽ ഇവർക്ക് ശേഷം പ്രളയം ആയിരിക്കുമോ?

സഭാ ചരിത്രത്തെക്കുറിച്ച് ആധികാരികമായി ചിന്തിക്കാനും ജനങ്ങളെ ധരിപ്പിക്കുവാനും അതിനനുസരണമായി ഭരണനേതൃത്വം ചലനാത്മകമാക്കാനും കഴിവുള്ള വ്യക്തിയാണ് ബഹു.എം.ഒ ജോൺ അച്ചൻ. ഈ പ്രാവശ്യം അച്ചൻ വിജയിക്കട്ടെ അതിന് വേണ്ടി ശ്രമിക്കുക. ഒരു പുതുയുഗം പിറക്കട്ടെ!

# വൈദിക ട്രസ്റ്റി തെരഞ്ഞെടുപ്പ്

ജോൺ വർഗീസ് മോളേത്ത് അടൂർ

പലകാരണങ്ങളാലും വൈദിക ട്രസ്റ്റി സ്ഥാനം മാറി മാറി വരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്. പുതിയ ആളുകൾക്കും അവസരം ഉണ്ടാകണം. വൈദീക ട്രസ്റ്റി സ്ഥാനത്തേക്ക് ഫാ.ഡോ.എം.ഒ.ജോണിന് ഒരു അവസരം കൊടുക്കണമെന്നുള്ള അഭിപ്രായമാണ് പൊതുവെ സഭാംഗങ്ങൾക്കിടയിലുള്ളതെന്ന് ഞാൻ മനസ്സിലാക്കുന്നു.

സെമിനാരി അധ്യാപകൻ, എഴുത്തുകാരൻ, സഭാചരിത്രക്കാരൻ, തൃക്കുന്നത്തു സെമിനാരി മാനേജർ, സുവിശേഷ പ്രസംഗകൻ തുടങ്ങിയ നിലകളിലൊക്കെ ബഹു.അച്ചന്റെ സേവനങ്ങൾ പ്രശംസാർഹമാണ്. സഭാ ചരിത്രത്തിൽ അഗാധമായ പാണ്ഡിത്യം നേടിയിട്ടുള്ള വ്യക്തി. കാതോലിക്കേറ്റിനെക്കുറിച്ചും, മലങ്കര അന്ത്യോഖ്യൻ ബന്ധത്തെക്കുറിച്ചും ഒക്കെ ആധികാരികമായും കാര്യകാരണ സഹിതവും അദ്ദേഹം സഭാംഗങ്ങൾക്ക് ലേഖനങ്ങൾ വഴിയും പ്രസംഗങ്ങൾ വഴിയും മനസ്സിലാക്കിത്തരുന്നു. കൂടാതെ വളരെ ശക്തവും വ്യക്തവുമായ അഭിപ്രായമുള്ളയാൾ, മികച്ച സംഘാടകൻ തുടങ്ങി വിവിധങ്ങളായ അദ്ദേഹത്തിന്റെ കഴിവുകൾ ഇതിനകം തെളിയിച്ചിട്ടുണ്ട്

പണ്ഡിതനും വാഗ്മിയും വേദശാസ്ത്രജ്ഞനും എഴുത്തുകാരനുമായ ഫാ.ഡോ.എം.ഒ.ജോണിനെ വൈദിക ട്രസ്റ്റി സ്ഥാനത്തേക്ക് മഹാ ഭൂരിപക്ഷത്തോടെ തെരഞ്ഞടുക്കപ്പെടേണ്ടത് ആവശ്യമാണ്.



# ചർച്ച് അക്കൗണ്ട്സ് മാന്വൽ

എം.എം.സഖറിയാ

ഒരു പള്ളിയിൽ ഓരോ ദിവസവും പലതരം സാമ്പത്തിക ഇടപാടുകൾ നടക്കാറുണ്ട്. സംഭാവന ഉൾപ്പെടെ പല രീതിയിൽ പണം സ്വീകരിക്കേണ്ടതായും കൊടുക്കേണ്ടതായും വരും. ഇപ്രകാരമുള്ള എല്ലാ ഇടപാടുകളും ഓർത്തിരിക്കുന്നതിനും അവ ഭാവിയിൽ പ്രയോജനപ്രദമായി രീതിയിൽ സൂക്ഷിക്കുന്നതിനും ലിഖിതമായ രേഖകൾ ആവശ്യമാണ്. ഈ രേഖകൾ ചിട്ടയായും ക്രമമായും കണക്കു പുസ്തകത്തിൽ എഴുതി സൂക്ഷിക്കുന്നു. ഒരു സ്ഥാപനത്തിന്റെ അപ്പോഴപ്പോഴുള്ള സാമ്പത്തിക നിലയും, മുതലും ബാധ്യതകളും മറ്റും മനസ്സിലാക്കുവാൻ ഇപ്രകാരമുള്ള കണക്ക് പ്രയോജനകരമായിരിക്കും. മൂലധനം, നീക്കിയിരിപ്പ്, ബാങ്ക് ബാലൻസ്, കിട്ടുവാനും കൊടുക്കുവാനുമുള്ള പണത്തിന്റെ വിവരങ്ങൾ, സ്ഥാവര ജംഗമ സ്വത്തുക്കൾക്കായി മുടക്കിയ തുക എന്നീ കാര്യങ്ങളിൽ ഇത് വ്യക്തമായ അറിവ് പകരുന്നു. ഒരു വ്യക്തിയെയോ സ്ഥാപനത്തെയോ അഥവാ ഓരോ ഇനത്തിൽപ്പെട്ട വരവു ചിലവുകളെയോ സംബന്ധിക്കുന്ന ഇടപാടുകളുടെ സംക്ഷിപ്ത രൂപമാണ് കണക്ക് അഥവാ അക്കൗണ്ട്.

ഒരു പള്ളിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും വ്യക്തമായ കണക്കുകൾ എഴുതി സൂക്ഷിക്കേണ്ടത് നിയമപ്രകാരവും ആവശ്യമാണ്. സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമപ്രകാരം കണക്കുകൾ സൂക്ഷിക്കുകയും വാർഷിക റിട്ടേണുകൾ രജിസ്ട്രാർക്ക് സമർപ്പിക്കുകയും വേണം. അതുപോലെ ഇന്ത്യൻ ട്രസ്റ്റ് നിയമപ്രകാരം സ്പഷ്ടവും കൃത്യതയുമുള്ള കണക്കുകൾ ഒരു ട്രസ്റ്റ് എഴുതി സൂക്ഷിക്കേണ്ടതുണ്ട് നിർദ്ദിഷ്ട കാലാവധി വരെ അവ സൂക്ഷിക്കുകയും നിയമം അനുശ്വാസിക്കുന്ന രീതിയിലുള്ള റിട്ടേണുകൾ സമർപ്പികയും വേണം. ഗുണഭോക്താക്കൾ ആവശ്യപ്പെട്ടാൽ പൂർണ്ണവും കൃത്യവുമായ വിവരങ്ങൾ നൽകുവാൻ ട്രസ്റ്റികൾ ബാദ്ധ്യസ്ഥരാണ്. ട്രസ്റ്റ് നിയമപ്രകാരം പബ്ലിക് ട്രസ്റ്റുകളുടെ കണക്കുകളും, ആവശ്യമായ വിശദ വിവരങ്ങളും അറിയുവാൻ ഏതൊരു ഗുണഭോക്താവിനും അവകാശമുണ്ട്. ആദായ നികുതി നിയമപ്രകാരം നികുതി കിഴിവ് അവകാശപ്പെടുന്ന മതധർമ്മ സ്ഥാപനങ്ങൾ ശരിയായ കണക്കുകൾ സൂക്ഷിക്കുകയും നിയമം അനുശാസിക്കുന്ന രീതിയിലുള്ള റിട്ടേണുകൾ സമർപ്പിക്കുകയും വേണം. നമ്മുടെ ഇടവകപള്ളികളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും കണക്കുകൾ വ്യക്തമായും സുതാര്യമായും സമയബന്ധിതമായും സഭാഭരണഘടനയ്ക്കും രാജ്യത്തിന്റെ വിവിധ നിയമങ്ങൾക്കും അനുസൃതമായും തയ്യാറാക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഈ പുസ്തകത്തിലുണ്ട്. എല്ലാ പള്ളികളുടെയും കണക്കുകൾ ഏകീകൃതമായ രീതിയിൽ തയ്യാറാക്കുന്നതിനും ഭാവിയിൽ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഭദ്രാസന കേന്ദ്ര തലങ്ങളിൽ സംയോജിപ്പിക്കുന്നതിനും ഈ ഗ്രന്ഥം ഉപകാരപ്രദമായിരിക്കും. പ.ബാവാ തിരുമേനിയുടെ ആമുഖത്തോടുകൂടിയ ഈ എം.ഒ.സി. പ്രസിദ്ധീകരണം നമ്മുടെ ഇടവക പള്ളികളുടെയും സഭാസ്ഥാപനങ്ങളുടെയും കണക്കുകൾ കൈകാര്യം ചെയ്യുന്നവർക്കും വളരെ പ്രയോജനകരമായിരിക്കും.

# 2012-2017 മലങ്കര അസോസിയേഷൻ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ

**കൊട്ടാരക്കര - പുനലൂർ ഭദ്രാസനം, പട്ടമല സെന്റ് ജോർജ്**


കോശി ഉമ്മൻ


ഡീ.ഗീവർഗീസ് വർഗീസ്


സജി ബി


രാജു വൈ.

**അടൂർ - കടമ്പനാട് ഭദ്രാസനം, തെങ്ങമം സെന്റ് മേരീസ്**


പി.ബാബു


പി.ജെ.അജി

**കൊട്ടാരക്കര - പുനലൂർ ഭദ്രാസനം, നെല്ലിക്കുന്നം സെന്റ് ജോർജ്**


ജോൺ എം.


രാജൻ എ.


രാജുകുട്ടി യോഹന്നാൻ

**കൊട്ടാരക്കര - പുനലൂർ ഭദ്രാസനം, ചെമ്മന്തൂർ സെന്റ് ജോൺസ്**


ജേക്കബ് ജോർജ്

**അങ്കമാലി ഭദ്രാസനം, വളയംചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്**


റ്റി.പി.ഏലിയാസ്


കെ.കെ.പൗലോസ്

**കൊല്ലം ഭദ്രാസനം, തൃപ്പലഴികം സെന്റ് തോമസ് സെഹിയോൻ**


റോയ് വി.വൈരമൺ


ഷാലു ജോൺ


റോബിൻ പി.അലക്സ്

**കൊല്ലം ഭദ്രാസനം, ശൂരനാട് നോർത്ത് സെന്റ് മേരീസ് ശാലേം**


കെ.ജെയ് മാത്യു


ഐ.കുരുവിള

**കൊല്ലം ഭദ്രാസനം, കൊല്ലം കാദീശാ**


എം.ജി.കോശി മുതലാളി

**മാവേലിക്കര ഭദ്രാസനം, പത്തിച്ചിറ സെന്റ് ജോൺസ് വലിയപള്ളി**


കെ.ബേബി


റ്റി.സാമുവൽ


ജോൺ പി.തോമസ്


സാമുവൽ വർഗീസ്


ജോൺ കെ.മാത്യു

**കൊല്ലം ഭദ്രാസനം, കുഴിമത്തിക്കാട് സെന്റ് ജോർജ്**


ക്യാപ്റ്റൻ വർഗീസ് പണിക്കർ പി.ജി.

2012-2017 മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികളുടെ ഫോട്ടോ ലഭിക്കുന്നതനുസരിച്ച് മലങ്കരസഭാദീപത്തിൽ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതാണ്. ഫോട്ടോ അയക്കേണ്ട വിലാസം : മലങ്കരസഭാദീപം, പി.ബി.നമ്പർ 611, കോട്ടയം - 686001, ഫോൺ : 0481-2585499, E-mail : frmojohn@yahoo.com

# 2012–2017 മലങ്കര അസോസിയേഷൻ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ

നിരണം ഭദ്രാസനം, ഇരവിപേരൂർ സെന്റ് മേരീസ്


പി.എ.അലക്സാണ്ടർ പണിക്കർ



ഏലിയാസ് വർഗീസ്

കുന്നംകുളം ഭദ്രാസനം, കട്ടക്കാമ്പാൽ മാർ ഇഗ്നാത്തിയോസ്


പി.റ്റി.കൊച്ചുണ്ണി


സി.കെ.അപ്പുമോൻ

ചെങ്ങന്നൂർ ഭദ്രാസനം, പുല്ലാട് സെന്റ് ജോർജ്


ജോൺ മാത്യു

മദ്രാസ് ഭദ്രാസനം, തിരുപ്പൂർ സെന്റ് മേരീസ്


ജോർജ് വർഗീസ്

ബാംഗ്ലൂർ ഭദ്രാസനം, രാമചന്ദ്രപുരം സെന്റ് മേരീസ്


എം.ജോൺകുട്ടി


ഇ.എം.മാത്തുക്കുട്ടി

മദ്രാസ് ഭദ്രാസനം, പുഴുതിവാക്കം സെന്റ് തോമസ് മൗണ്ട്


പി.എം.ജോൺ


ജോളി പീറ്റർ


റോയി കെ.ജോർജ്

മദ്രാസ് ഭദ്രാസനം, ആവഡി സെന്റ് ജോർജ്


പി.ജെ.ഉമ്മൻ

മദ്രാസ് ഭദ്രാസനം, താമ്പരം സെന്റ് ഗ്രിഗോറിയോസ്


കെ.എം.തോമസ്


ജി.അരുൺ


കെ.പി.ഏബ്രഹാം

നിലയ്ക്കൽ ഭദ്രാസനം, കാട്ടൂർ സെന്റ് മേരീസ് വലിയപള്ളി


വർഗീസ് ഏബ്രഹാം


സന്തോഷ് വി.മാത്യു


മത്തായിക്കുട്ടി എം.എ

ബോംബെ ഭദ്രാസനം, അന്ധേരി സെന്റ് ജോൺസ്



പി.സി.ഏബ്രഹാം


എ.ജെ.ജോൺ


ബിൻ കെ.കുറിയാക്കോസ്

കൊല്ലം ഭദ്രാസനം, നെടുമ്പായിക്കുളം സെന്റ് മേരീസ്


കെ.കെ.മോനച്ചൻ


ഐ.കോശി

കൽക്കട്ടാ ഭദ്രാസനം, സാഗർ മാർ ഗ്രിഗോറിയോസ്


സി.എം.വർഗീസ്

2012–2017 മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികളുടെ ഫോട്ടോ ലഭിക്കുന്നതനുസരിച്ച് മലങ്കരസഭാദീപത്തിൽ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതാണ്. ഫോട്ടോ അയക്കേണ്ട വിലാസം : മലങ്കരസഭാദീപം, പി.ബി.നമ്പർ 611, കോട്ടയം – 686001, ഫോൺ : 0481–2585499, E-mail : frmojohn@yahoo.com

# 2012-2017 മലങ്കര അസോസിയേഷൻ പ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ

കൽക്കട്ടാ ഭദ്രാസനം, കൽക്കട്ടാ സെന്റ് തോമസ് കത്തീഡ്രൽ


ജോൺ പി.സാമുവൽ


എം.ജോസ്

ഡൽഹി ഭദ്രാസനം, നോയിഡ മാർ ഗ്രിഗോറിയോസ്


രാജൻ വർഗീസ്


പി.ഒ.ജോൺ


കോട്ടയം ഭദ്രാസനം, കൊല്ലാട് സെന്റ് പോൾസ്


ചാക്കോ മാത്തൻ


കോട്ടയം ഭദ്രാസനം, കുറിച്ചി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്


ജൂബി അലക്സ്

കോട്ടയം ഭദ്രാസനം, പാത്താമുട്ടം സ്ലീബാ


ജെയിംസ് വി.മാത്തൻ


കോട്ടയം ഭദ്രാസനം, പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളി


ഈശോദാസ് കെ.വി.

മലബാർ ഭദ്രാസനം, കേരളത്തോട്ടം സെന്റ് ഗ്രിഗോറിയോസ്


ജേക്കബ് സി.വി.

നിരണം ഭദ്രാസനം, നിരണം സെന്റ് മേരീസ് വലിയപള്ളി


ഉമ്മൻ വർഗീസ്


പി.തോമസ് വർഗീസ്


എം.ബഞ്ചമിൻ നൈനാൻ

നിരണം ഭദ്രാസനം, നിരണം സെന്റ് മേരീസ് വലിയപള്ളി



അഡ്വ.ഡാനിയേൽ തോമസ്


ഡോ.ബെന്നി ഏബ്രഹാം


പി.ജി.കോശി


കെ.പി.വർഗീസ്


വർഗീസ് അലക്സ്



റിജോ വർഗീസ്

നിരണം ഭദ്രാസനം, മണിപ്പുഴ സെന്റ് തോമസ്



കെ.ഐ.ബേബി


ഫിലിപ്പോസ് റ്റി.വി.

കൊല്ലം ഭദ്രാസനം, ഈസ്റ്റ് കല്ലട സെന്റ് ജോർജ്


എം.എം.രാജു


സി.ജി.വർഗീസ്


പി.ഫിലിപ്പ്


എം.തോമസ്

2012-2017 മലങ്കര അസോസിയേഷനിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിവിധ ഇടവകകളിൽനിന്നുള്ള പ്രതിനിധികളുടെ ഫോട്ടോ ലഭിക്കുന്നതനുസരിച്ച് മലങ്കരസഭാദീപത്തിൽ സൗജന്യമായി പ്രസിദ്ധീകരിക്കുന്നതാണ്. ഫോട്ടോ അയക്കേണ്ട വിലാസം : മലങ്കരസഭാദീപം, പി.ബി.നമ്പർ 611, കോട്ടയം - 686001, ഫോൺ : 0481-2585499, E-mail : frmojohn@yahoo.com

# ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

**ദനഹായ്ക്കുശേഷം നാലാം ഞായർ, വിമർക്കോസ് 6:1–6**

യേശുതമ്പുരാൻ ഏറ്റവും ആദരിക്കപ്പെടാതെ പോകുന്ന പിതൃനഗരത്തെക്കുറിച്ചും അവിടുത്തെ ജനത്തെക്കുറിച്ചും ആ ജനത്തോടും മനോഭാവത്തോടുമുള്ള തന്റെ പ്രതികരണവുമാണ് ഈ വേദഭാഗം വിവരിക്കുന്നത്.

**രണ്ടാം കാഴ്ച**

അർഹമായ അംഗീകാരം ലഭിക്കാതെ പോകുക എന്നുള്ളത് ഒരു നിശബ്ദ വേദനയാണ്. തന്റെ മനുഷ്യത്വത്തിന്റെ സീമയ്ക്കകത്ത് യേശു ഇത് നന്നായി അനുഭവിച്ചിരുന്നു. ബഹുമാനിക്കുക എന്നതിന് ഇംഗ്ലീഷിൽ പറയുന്ന റെസ്പെക്റ്റ് പിരിച്ചെഴുതിയാൽ റീ–സ്പെക്റ്റ് എന്ന് കിട്ടും. അതിന്റെ അർത്ഥം വീണ്ടും കാണുക എന്നതാണ്. ആരെയും ഒരുപ്രാവശ്യംകൂടി ശ്രദ്ധിച്ചാൽ അയാളെ ബഹുമാനിക്കാനുള്ള കാരണം കണ്ടെത്താൻ കഴിയും. പലപ്പോഴും അതിനുള്ള സംയമനം നമുക്കില്ലാതെപോകുന്നതാണ് പ്രശ്നം. കാര്യങ്ങളൊക്കെ നമ്മുടെ ധാരണയ്ക്കനുസരിച്ച് തീർപ്പു കല്പിക്കുന്നതാണ് നമ്മുടെ രീതി. അങ്ങനെ നമ്മുടെ പരിസരങ്ങളിലുള്ളവരെക്കുറിച്ച് നാം മുൻവിധികളുടെ ഉപന്യാസമെഴുതിക്കളയും. ഒരു രണ്ടാം കാഴ്ചയുണ്ടാവുകയാണ് പ്രധാനം. തന്റെ കാലിൽ തൈലം പൂശിയ പാപിനിയായ സ്ത്രീയെ എല്ലാവരും കുറ്റപ്പെടുത്തുമ്പോൾ ക്രിസ്തുവാകട്ടെ ഒരു രണ്ടാം കാഴ്ചയിലൂടെ അവളുടെ ഉദ്യമത്തിന് കൂടുതൽ മാർക്ക് നൽകുന്നു. വിധവയുടെ ചില്ലിക്കാശ് ഇന്നും പ്രകീർത്തിക്കപ്പെടുന്നത് നിസ്സാരമായിട്ടുപോലും യേശു അതിന്റെ ആന്തരിക തിളക്കത്തെ തന്റെ രണ്ടാം കാഴ്ചയിലൂടെ കണ്ടതുകൊണ്ടാണ്. ഒരു മനുഷ്യനെയും അളക്കാൻ തുനിയരുതെന്ന് യേശു പഠിപ്പിക്കുന്നു. നമ്മൾ അളക്കുന്ന അളവിനാൽ നമ്മൾക്കും അളന്നുകിട്ടും.

**തച്ചനല്ലെന്ന് ആരു പറഞ്ഞു?**

ഇവൻ മറിയയുടെ മകനും യാക്കോബ്, യോസെ, യൂദാ, ശീമോൻ എന്നിവരുടെ സഹോദരനുമായ തച്ചനല്ലയോ? (മർക്കോസ് 6:3). ആരാണ് തച്ചൻ. ഗ്രീക്ക് ഭാഷയിൽ തെക്നോൺ എന്ന പദമാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. ഈ പ്രപഞ്ചത്തെ മുഴുവൻ ദൈവം ഡിസൈൻ ചെയ്ത് പരിപാലിക്കുകയല്ലേ. ആശാരി വിശ്വകർമ്മൻ എന്നുള്ള സംബോധനയിലാണ് അറിയപ്പെടുന്നത്. വിശ്വകർമ്മാവ് എന്നാൽ ലോകം മുഴുവൻ തന്റെ കർമ്മത്തിലൂടെ പരിപാലിക്കുന്ന സൃഷ്ടാവിന്റെ പര്യായമാണ്. ആ പേരു തന്നെ തച്ചന്റെയും വിളിപ്പേരായി മാറി. ആരാണ് തച്ചൻ. ഈ അന്വേഷണം വീണ്ടും നടത്തുമ്പോൾ മരത്തടി കൊത്തി മിനുക്കി ഉരുപ്പടിയാക്കുന്നവനാണ്, അതാണ് കർമ്മം. ആലങ്കാരികമായിട്ടെടുത്താൽ ബാഹ്യകർമ്മത്തിന് സമാനമായ പ്രക്രിയ മനസ്സിന്റെ തച്ചുശാലയിലും നടക്കുന്നുണ്ട്. ഉള്ളിൽ വന്യമായതിനെ വെട്ടിയൊരുക്കി ചിന്തേരിടുമ്പോഴാണല്ലോ മനുഷ്യർ സംസ്ക്കാരമുള്ളവനാകുന്നത്. കൾച്ചർ എന്ന ഇംഗ്ലീഷ് പദം വരുന്നത് കൾറ്റസ് (പണിയായുധം) എന്ന വാക്കിൽനിന്നാണ്. ഉള്ളിൽ നടക്കേണ്ട ഒരു നവീകരണ പ്രക്രിയയാണിത്. മനുഷ്യമനസ്സുകളിൽ ഈ നവീകരണം അഥവാ തച്ചുശാസ്ത്രത്തിന്റെ ഭാഷയിലെ ചിന്തേരിടൽ നടത്തേണ്ടത് ദൈവമാണ്. യേശുക്രിസ്തു അങ്ങനെ സഭയുടെ പെരുന്തച്ചനായി ലോകത്തിലേക്ക് വന്നു. എക്കാലവും ഇനി എന്റെ ജീവിതത്തിന്റെയും തച്ചൻ അവിടുന്ന് തന്നെ.

**വാങ്ങിപ്പോയ വൈദികരുടെ ഞായർ, മത്തായി 24:42–51**

വളരെ ഗഹനമായ ഒരു ആരാധനാകാലത്തിലേക്കാണ് സഭ നമ്മെ വിളിക്കുന്നത്. വലിയനോമ്പ് എന്ന മഹാ ആത്മീയ യുദ്ധത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് കാലത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടം രണ്ട് ഞായറാഴ്ചകളിലായി വാങ്ങിപ്പോയ സകല പുരോഹിതന്മാരെയും സകല മരിച്ചുപോയവരെയും ഓർക്കുന്നു. സഭ ഏകമായി വലിയനോമ്പിലേക്ക് പ്രവേശിക്കുകയും യേശുക്രിസ്തുവിന്റെ സാക്ഷിയാകുവാൻ ഒരുങ്ങുകയും ചെയ്യുമ്പോൾ സഭയുടെ ഭാഗമായിരിക്കുന്ന സാക്ഷികളുടെ വലിയ സമൂഹത്തെ സ്മരിക്കുകയും അവരോടൊപ്പം ഒരുങ്ങുകയും ചെയ്യുന്നത് പ്രസക്തമത്രെ.

**ദാസ്യത്ത്വത്തിലേക്കുള്ള വിളി**

ജീവിതം ഒരു ദാസ്യവൃത്തിയെന്നു മനസ്സിലാക്കാനാണ് ഈ സുവിശേഷഭാഗം നമ്മെ പ്രേരിപ്പിക്കുന്നത്. നിനയാത്ത ഒരു നാഴികവരെ തുടരേണ്ട ഒരു നിയോഗം. ബുദ്ധിയും വിശ്വസ്തതയുമൊക്കെ സമാസമം ചേർത്ത് ഒരു യാത്ര. യേശുവിന്റെ ദാസ്യവൃത്തി ഒരു പദവിയായിട്ടാണ് അവന്റെ ശിഷ്യന്മാരിൽ പത്രോസും സഹോദരസ്ഥാനത്തുള്ള യാക്കോബും ഒരിക്കൽ ശത്രുവായിരുന്ന പൗലോസും വിചാരിച്ചത്. യേശുക്രിസ്തുവിന്റെ ദാസനും അപ്പോസ്തോലനുമായ ശീമോൻ പത്രോസ് യേശുക്രിസ്തുവിന്റെ ദാസനായ യാക്കോബ് എന്നീ പ്രയോഗങ്ങൾ ശ്രദ്ധിക്കുക. പഴയനിയമത്തിൽ ഭക്തരായ മോശയേയും യോശുവായെയും ദാവീദിനെയും യഹോവയുടെ ദാസൻ എന്ന് വിളിക്കുന്നു. അതൊരു അത്യുന്നത പദവിയായിട്ടാണ് കണ്ടത്. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ നാടു ഭരിച്ചിരുന്ന രാജാക്കന്മാർക്ക് അനേകം ബിരുദങ്ങളും സ്ഥാനപ്പേരുകളുമുണ്ടായിരുന്നെങ്കിലും അവയിൽ എല്ലാറ്റിലും മാന്യമായ നാമം ശ്രീപദ്മനാഭദാസൻ എന്നുള്ള വിളിപ്പേരായിരുന്നു. ഓരോ ഭക്തനും ദൈവത്തോടുള്ള തന്റെ ദിവ്യ പ്രേമത്തിന്റെയും സമർപ്പണത്തിന്റെയും പൂർണ്ണതയിൽ ഈ ദാസഭാവത്തിന്റെ ദർശനപൂർണ്ണതയിലെത്തിച്ചേരും. ധൂർത്തപുത്രന്റെ കഥയിൽ അവകാശവാദത്തിന്റെ ദാർഷ്ട്യത്തിൽനിന്നും മുടിയൻ പുത്രൻ ദാസഭാവത്തിന്റെ സമർപ്പണവഴികളിലേക്കെത്തുന്നുണ്ട് അവസാനം. നിന്റെ കൂലിക്കാരനിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമെ. ഇപ്പോഴാണ് അയാൾ ശരിക്കും അപ്പനെ സ്നേഹിക്കുന്നത്. അങ്ങനെ സഭ മുഴുവൻ ദാസ്യഭാവത്തിന്റെ വിളിയുള്ളവരാണ് എന്ന് നമുക്കോർമ്മിക്കാം.

**സാരമില്ല നാളയാകട്ടെ**

സമയം ഇനിയുമുണ്ടെന്നുള്ള വിചാരത്തിൽ ക്രമക്കേടുകളിൽ സഞ്ചരിക്കാനുള്ള താൽപര്യം മനുഷ്യസഹജമാണ്. അങ്ങനെ കർത്തവ്യങ്ങൾക്ക് മുടക്കം വരുത്തുന്നതിന്റെ ബുദ്ധികേടിനെക്കുറിച്ച് ഹൈന്ദവസാരോപദേശത്തിൽ പറഞ്ഞിട്ടുള്ളത് ശ്രദ്ധിക്കണം.

## രണ്ടാം കാഴ്ച

നാളെയാമെന്നൊരു നേരവും നിനയാതെ

നാഴികപോകുമ്പോൾ കാലങ്ങളണഞ്ഞീടും

കാലങ്ങൾ പോക്കിയാൽ കാലനുമണഞ്ഞീടും

കാലംകളയാതെ കാലകാലനെ ഭജിച്ചീടുക നിത്യവും

യജമാനൻ താമസിച്ചേ വരുകയുള്ളു എന്ന് ഹൃദയത്തിൽ പറയുന്ന ദാസൻ ഗതികേടിനെ പുൽകേണ്ടിവരുമെന്ന മുന്നറിയിപ്പ് യേശു നൽകുകയാണ്. നിന്റെ ഏറ്റവും വലിയ സാധ്യത വർത്തമാനകാലം തന്നെയാണ്. അവിടെ കർത്തവ്യങ്ങളിൽനിന്നും ഒളിച്ചോടരുത്. പ.സഭയുടെ നോമ്പിലെ നമസ്ക്കാരത്തിൽ മനുഷ്യന്റെ വിചാരങ്ങളെക്കുറിച്ച് ഇങ്ങനെ പറയുന്നു. നാളെ ഞാൻ അനുതപിക്കാം എന്ന് ഞാൻ പറയുന്നു. എന്നാൽ സമയം കടന്നുപോകുന്നു. എന്റെ പിഴയോ നിലനിൽക്കുന്നു.

**കള്ളൻ വരുംപോലെ അവൻ – വിലപിടിപ്പുള്ളവ തേടി**

കള്ളനെപ്പോലെ നിനയാത്ത നേരത്ത് കടന്നെത്തുന്ന അതിഥിയായി ക്രിസ്തു തന്റെ രണ്ടാം വരവിനെ സൂചിപ്പിക്കുകയാണ്. ക്രിസ്തുവിനെ വ്യക്തിപരമായി ദർശിക്കാം എന്നതാണ് രണ്ടാം വരവിന്റെ പ്രത്യേകത. ഒരുതരത്തിൽ എല്ലാ മനുഷ്യർക്കും അത് അനുഭവവേദ്യമാകുന്നുണ്ട്. ഓരോരുത്തരും ക്രിസ്തീയമായ മരണം പ്രാപിക്കുമ്പോൾ ദൈവമുഖം കാണുന്നുണ്ടല്ലോ. മരണവും രണ്ടാം വരവുപോലെ നിനയാത്ത നേരത്തു തന്നെ. അവിടുന്ന് കള്ളനെപ്പോലെ എത്തുന്നു എന്നതിലെ സാരം എന്താണ്. കള്ളൻ വരുന്നത് നിസ്സാരമായതൊന്നും കൊണ്ടുപാകാനല്ല. വിലപിടിപ്പില്ലാത്തതും ഉപയോഗശൂന്യമായതും നിറംകെട്ടതും ഒന്നും അയാൾക്കു വേണ്ട. വിലപിടിപ്പുള്ളതുമാത്രം അയാൾ ധൃതിയിൽ പരതുന്നു. അത് അപഹരിക്കപ്പെടുന്നു. യേശു വരുന്നതും അങ്ങനെ തന്നെ. ക്രമംകെട്ടതും, ചന്തമില്ലാത്തതും ഉപയോഗമില്ലാത്തതുമൊക്കെ ഉപേക്ഷിക്കപ്പെടും. മൂല്യമുള്ളതുമാത്രം അവിടുന്ന് മാറോട് ചേർക്കും. വേദവാക്യം പറയുന്നത് ബാക്കിയുള്ളതിന്റെയൊക്കെ സ്ഥാനം തീയിലെന്നാണ്. യേശുവേ അവിടുന്ന് കള്ളനെപ്പോലെ നിനയാത്ത നേരത്ത് കടന്നെത്തുമ്പോൾ ക്ഷണത്തിൽ സ്വന്തമാക്കുന്ന മൂല്യമുള്ള ജീവിതമായിരുന്നു എന്റേതെങ്കിൽ......

## അഞ്ചാം ചരമ വാർഷികം

17–01–2012



**ഏലിയാമ്മ ജോൺ**

**(കുഞ്ഞമ്മ)**

(റിട്ട.ടീച്ചർ, ഗവ.ഗേൾസ് ഹൈസ്ക്കൂൾ, അടൂർ), മോളേത്ത്, അടൂർ

**ജോൺ വർഗീസ് മോളേത്ത് & ഫാമിലി**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ലില്ലി ബോംബെ**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ലില്ലി ബോംബെ**

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

താമസിച്ചതിന് ക്ഷമാപണം

**ലില്ലി ബോംബെ**

## ശതാബ്ദി ആഘോഷം...പേജ് 1–ൽനിന്ന്

ശതാബ്ദി ആഘോഷം...പേജ് 1–ൽനിന്ന്

മാകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ധാർമ്മികവും ഭൗതികവുമായ വികാസത്തിന് ക്രൈസ്തവ സഭകൾ ചെയ്യുന്ന സേവനം ഉദാത്തമാണെന്ന് മുഖ്യ പ്രഭാഷണം നടത്തിയ ഇന്ത്യൻ അംബാസിഡർ എം.കെ.ലോകേഷ് പറഞ്ഞു. ഇടവക വികാരി ഫാ.ടി.ജെ.ജോൺസൺ അദ്ധ്യക്ഷത വഹിച്ചു. വ്യവസായി ഡോ. ബി.ആർ.ഷെട്ടി, ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ.ഡോ.എം.ഒ.ജോൺ, ഫാ. വി.സി.ജോസഫ്, ഫാ.മനോജ് ഏബ്രഹാം, ഫാ.സജി ഏബ്രഹാം, ഫാ.മാത്യു വർഗീസ്, ബാബു കുര്യൻ പുളിയേരിൽ, തോമസ് പോൾ, ജോസ് ജോൺ, വർഗീസ് ജോർജ്, തോമസ് വിളയിൽ എന്നിവർ പ്രസംഗിച്ചു.

Vol. 18 Issue 7
February 1-15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/ 163/2012-2014
Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

ചിരിവര ———— ജോയി കുളനട




## ഓർത്തഡോക്സ് യുവജന പ്രസ്ഥാനം മേഖലാ സമ്മേളനം അബുദാബിയിൽ

അബുദാബി : മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ പതിനേഴാമത് യു.എ.ഇ. മേഖലാ സമ്മേളനം 27ന് അബുദാബിയിൽ സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിൽ (മാർ പീലക്സിനോസ് നഗർ) നടന്നു. അബുദാബി, ദുബായ്, ജബൽഅലി, ഷാർജ, അൽഐൻ, റാസൽഖൈമ, ഫുജൈറ എന്നിവിടങ്ങളിലുള്ള ഓർത്തഡോക്സ് സഭയുടെ ദേവാലയങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. വി.കുർബ്ബാനാനന്തരം പതാക ഉയർത്തലോടുകൂടി സമ്മേളനത്തിന് തുടക്കമായി. സഭാചരിത്രപണ്ഡിതനും വാഗ്മിയും മലങ്കരസഭാദീപം പത്രാധിപരുമായ ഫാ. ഡോ.എം.ഒ.ജോൺ മാർത്തോമ്മാ പൈതൃകവും തിരിച്ചറിവിന്റെ പാഠങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി പഠനക്ലാസ്സ് നടത്തി. കത്തീഡ്രൽ വികാരിയും യുവജനപ്രസ്ഥാനം യു.എ.ഇ. മേഖലാ പ്രസിഡന്റുമായ ഫാ.ജോസ് ചെമ്മനം, സഹവികാരി ഫാ.ജോബി കെ.ജേക്കബ് എന്നിവർ നേതൃത്വം നൽകി

## പരീക്ഷാ മാർഗ്ഗനിർദ്ദേശക ക്ലാസ്സ് പരുമലയിൽ

പരുമല : അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ നേതൃത്വത്തിൽ 10, +1, +2, പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുവേണ്ടി പരീക്ഷാ മാർഗ്ഗനിർദ്ദേശക ക്ലാസ്സ് ഫെബ്രുവരി 10 ശനിയാഴ്ച 8.30 മുതൽ ക്രമീകരിക്കും. പ്രശസ്ത വിദ്യാഭ്യാസ വിചക്ഷണൻ ബി.എസ്.വാര്യർ ക്ലാസ്സ് നയിക്കും. ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ പ.ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ക്ലാസ്സ് ഉദ്ഘാടനം ചെയ്യുകയും പൗലോസ് മാർ പക്കോമിയോസ് തിരുമേനി അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്യും. പരുമല സെമിനാരി മാനേജർ വെരി. റവ.യൂഹാനോൻ റമ്പാൻ ആശംസകൾ അർപ്പിക്കുകയും ഫാ.കുരുവിള മാത്യു സമർപ്പണ ശുശ്രൂഷ നടത്തുകയും ചെയ്യും.

ഉച്ചയ്ക്കു ശേഷം വ്യക്തിപരമായ കൗൺസലിംഗ് ആവശ്യമുള്ളവർക്ക് ഫാ. കെ.ജെ.വർഗീസ് (ക്ലിനിക്കൽ പാസ്റ്ററൽ കൗൺസിലർ, പരുമല സെമിനാരി), ഡോ. വർഗീസ് പുന്നൂസ് (സൈക്കാട്രി ഡിപ്പാർട്ട്മെന്റ് ഹെഡ്, റ്റി.ഡി.മെഡിക്കൽകോളജ് ആലപ്പുഴ), മായാ സൂസൻ ജേക്കബ് (ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ട്രാഡാ കോട്ടയം), ഡോ.ബെന്നി കൂരാലിൽ (ഐ.ഐ.പി.ഡി.ട്രെയ്നർ, ട്രിവാൻഡ്രം), സിസ്റ്റർ ദീന (സുപ്പീരിയർ കിഴക്കമ്പലം ബേത്‌ലഹേം കോൺവെന്റ്) എന്നിവർ കൗൺസലിംഗ് നൽകുകയും ചെയ്യും. പരീക്ഷയുടെ ആശങ്കകളും ആകുലതകളും പേറുന്ന വിദ്യാർത്ഥി സമൂഹത്തിന് വിജയത്തിലേക്ക് കതിക്കുവാനും പുതിയ ദർശത്തോടെ ജീവിതപന്ഥാവിലേറുവാനും ഒരുക്കുന്ന ഈ അത്യുത്തമമായ ക്ലാസ്സ് പ്രയോജനപ്പെടുത്തുക.

ദൂരെനിന്നു വരുന്നവർക്ക് ആവശ്യമെങ്കിൽ പരുമല സെമിനാരി ധ്യാനമന്ദിരത്തിൽ തലേദിവസം താമസസൗകര്യം ഉണ്ടായിരിക്കും. ഇടവക വികാരിയുടെ ശുപാർശകത്ത് ആയതിലേക്ക് ആവശ്യമാണ്. ഫാ.ജോൺസൺ കല്ലിട്ടതിൽ (വൈസ് പ്രസിഡന്റ്), ഫാ.എബി ഫിലിപ്പ് (ജനറൽ സെക്രട്ടറി), പ്രൊഫ.ഇ. ജോൺ മാത്യു (കോ-ഓർഡിനേറ്റർ), ഡോ. ഐസക് തോമസ് (ട്രഷറാർ), ഡോ.മാത്യു ജോസഫ്, ഫാ.ഗീവർഗീസ് ജോൺ, ഫാ.സി. ജി.ഉമ്മൻ എന്നിവർ നേതൃത്വം നൽകും. രജിസ്ട്രേഷൻ ഫീസ് 25 രൂപാ. വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും 9447265646, 9447155099.

## കല്ലൂപ്പാറ കൺവൻഷൻ

മല്ലപ്പള്ളി : നിരണം ഭദ്രാസനത്തിന്റെ കല്ലൂപ്പാറ സിറിയൻ കൺവൻഷൻ ഫെബ്രുവരി 5 മുതൽ 12 വരെ കോയിത്തോട് മണൽപ്പുറത്ത് നടക്കും. കൺവൻഷനു മുന്നോടിയായുള്ള ധ്യാനം കല്ലൂപ്പാറ വലിയപള്ളിയിൽ നടന്നു. അഞ്ചാം തീയതി സുന്നഹദോസ് സെക്രട്ടറി ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കും. പ്രൊഫ.റൂബിൾ രാജ് പ്രഭാഷണം നടത്തും. ഉദ്ഘാടനത്തിനു മുമ്പ് സണ്ടേസ്ക്കൂൾ വിദ്യാർത്ഥികളുടെ റാലി നടക്കും. വിവിധ ദിവസങ്ങളിൽ ഫാ.അലക്സാണ്ടർ വട്ടക്കാട്ട്, ഫാ. റിഞ്ചു പി.കോശി, ഫാ.മോഹൻ ജോസഫ്, ഫാ.ഡോ.ഒ.തോമസ്, ഫാ.ജോൺ കെ.ജോയി, ഫാ.എം.എം.വൈദ്യൻ എന്നിവർ പ്രസംഗിക്കും. വിവിധ ഇടവകകളിലെ ഗായകസംഘങ്ങൾ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ഫാ.ജിജി വർഗീസ് (പ്രസിഡന്റ്), ഫാ.ജോൺ മാത്യു (സെക്രട്ടറി) എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റി പ്രവർത്തിക്കുന്നു.

## തേവലക്കര പള്ളിയിൽ പ.മാർ ആബോയുടെ ഓർമ്മപ്പെരുന്നാൾ

തേവലക്കര : മലങ്കരസഭയിലെ മാർ ആബോ തീർത്ഥാടന കേന്ദ്രമായ തേവലക്കര മർത്തമറിയം ഓർത്തഡോക്സ് പള്ളിയിൽ മാർ ആബോയുടെ ഓർപ്പെരുന്നാളിനും കൺവൻഷനും പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും മെത്രാപ്പോലീത്തന്മാരായ സഖറിയാസ് മാർ അന്തോണിയോസ്, പൗലോസ് മാർ പക്കോമിയോസ് എന്നിവരുടെ സഹകാർമ്മികത്വത്തിലും ജനുവരി 30 മുതൽ ഫെബ്രുവരി 8 വരെ ആഘോഷിക്കും. വിവിധ ദിവസങ്ങളിൽ നടക്കുന്ന വചനശുശ്രൂഷകൾക്ക് ഫാ.ഡോ.ടി.ജെ.ജോഷാ, ഫാ.കെ.എൽ.മാത്യു വൈദ്യൻ, ഫാ.സജി അമയിൽ, ഫാ.ജോജി കെ.ജോയി, ഫാ. വർഗീസ് വർഗീസ് എന്നിവർ നേതൃത്വം നൽകും.

## അനുതാപമുള്ള വ്യക്തികൾക്കേ ആത്മാവിനെ നേടാൻ കഴിയൂ : മാർ ഏലിയാസ്

തിരുവല്ല : അനുതാപമുള്ള വ്യക്തികൾക്കേ ആത്മാവിനെ നേടാൻ കഴിയൂ എന്ന് ബ്രഹ്മവാർ ഭദ്രാസനാധിപൻ യാക്കോബ്ബാ മാർ ഏലിയാസ് മെത്രാപ്പോലീത്താ പറഞ്ഞു. നിരണം ഭദ്രാസന സെൻട്രൽ കൺവൻഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് ഫാ.വി.ജെ.ഉമ്മൻ അദ്ധ്യക്ഷത വഹിച്ചു. ഫാ.വർഗീസ് തോമസ്, ഫാ.ജോൺ ചാക്കോ, ഫാ. ജേക്കബ് എം.വർഗീസ് എന്നിവർ പ്രസംഗിച്ചു. രണ്ടാം ദിവസത്തെ യോഗത്തിൽ സണ്ടേസ്ക്കൂൾ ഡയറക്ടർ ജനറൽ ഫാ.ഡോ.ഒ.തോമസും, മൂന്നാം ദിവസത്തെ യോഗത്തിൽ ഫാ.ജോജി കെ.ജോയിയും വചന ശുശ്രൂഷ നടത്തി. ഫാ.ടി.കെ.വർഗീസ്, ഐസക് സഖറിയാ, ജോബി പി.തോമസ് എന്നിവർ പ്രസംഗിച്ചു. ഫാ.ജോൺ കെ.വർഗീസ്, ഫാ.ചെറിയാൻ ജേക്കബ്, ഫാ.സി.സി.കുറിയാക്കോസ് എന്നിവർ മദ്ധ്യസ്ഥ പ്രാർത്ഥനകൾക്കും തിരുമൂലപുരം മാർ ബസ്സേലിയോസ് മാർ ഗ്രിഗോറിയോസ്, കുറ്റപ്പുഴ മാർ ഗ്രിഗോറിയോസ്, വെൺപാല സെന്റ് മേരീസ് ഗായകസംഘങ്ങൾ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

## അഖില മലങ്കര ബാല സമാജം ക്യാമ്പ്

പരുമല : അഖില മലങ്കര ബാലസമാജം ക്യാമ്പ് പരുമല സെമിനാരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. കൊല്ലം ഭദ്രാസനാധിപൻ സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി ഫാ.മത്തായി കുന്നിൽ, ഫാ.ബിജു മാത്യു, ഫാ.എബി ഫിലിപ്പ്, സിസ്റ്റർ റോസ്‌ലിൻ, കോശി ഉമ്മൻ എന്നിവർ പ്രസംഗിച്ചു. വിവിധ ക്ലാസ്സുകൾക്ക് ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ, കുറിയാക്കോസ് കോർഎപ്പിസ്കോപ്പാ, ഫാ.പി.എ.ഫിലിപ്പ്, ഫാ. റിഞ്ചു പി.കോശി, ഫാ.ഐസക് ബി.പ്രകാശ്, ജോർജ് വർഗീസ് എന്നിവർ നേതൃത്വം നൽകി.

## മാത്യൂസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാൾ കൊടിയിറങ്ങി

ശാസ്താംകോട്ട : പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഓർമ്മപ്പെരുന്നാൾ കൊടിയിറങ്ങി. സമാപന ദിവസമായ വ്യാഴാഴ്ച മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാന നടന്നു. തുടർന്ന് ബാവായുടെ കബറിങ്കൽ ധൂപപ്രാർത്ഥന, ശ്ലൈഹിക വാഴ്‌വ്, നേർച്ച വിളമ്പ് എന്നിവയും നടന്നു. വിവിധ ഇടവകകളിൽനിന്ന് പദയാത്രയായാണ് വിശ്വാസികൾ എത്തിയത്. അനുഷ്ഠാനങ്ങളാൽ ബലപ്പെടുത്തിയ ആത്മീയ അടിത്തറയുടെ ഉടമയായി ജനഹൃദയങ്ങൾ കവർന്നെടുത്ത മഹാനായിരുന്നു കാലം ചെയ്ത ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ എന്ന് അനുസ്മരണ സമ്മേളനത്തിൽ പ.കാതോലിക്കാ ബാവാ പറഞ്ഞു. മതത്തിന്റെ വേലക്കെട്ടുകൾക്കപ്പുറം പന്തലിച്ച ബന്ധങ്ങളായിരുന്നു പ.ബാവായുടേത്. വിദേശ രാജ്യങ്ങളിൽപോലും സഭയുടെ പള്ളികൾ സ്ഥാപിക്കുന്നതിന് അത്തരം ബന്ധങ്ങൾ ഉപകരിച്ചിരുന്നു എന്നും അദ്ദേഹം അനുസ്മരിച്ചു. കൊല്ലം ഭദ്രാസനാധിപൻ സഖറിയാസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. മാത്യൂസ് ദ്വിതീയൻ പുരസ്ക്കാരം ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ചു.

## സാന്ത്വനം നൽകുന്നത് ദൈവീകശുശ്രൂഷ : പ.കാതോലിക്കാ ബാവാ

കോട്ടയം : സമുഹത്തിലെ നിലാരംബരും ഏകാന്തത അനുഭവിക്കുന്നവരുമായ ആളുകൾക്ക് സാന്ത്വനവും ആശ്വാസം നൽകുന്നത് ദൈവിക ശുശ്രൂഷയാണെന്ന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. അടങ്ങപ്പുറം മാത്യു പീലു ചാരിറ്റബിൾ സൊസൈറ്റിയുടെയും കോഴിമല മദർ ഹന്നാ ചാരിറ്റബിൾ സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ ബേക്കർ ഹില്ലിൽ ആരംഭിച്ച പ്രശാന്ത് അബണ്ടന്റ് ലൈഫ് മിഷന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു പ.കാതോലിക്കാ ബാവാ. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor